"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് -സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിൽ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിന്റെ ഭാഗമായി സെർവർ വാങ്ങുന്നതിന് കെൽട്രോണിന് വർക്ക് ഓർഡർ നൽകുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.52/2024/ITD    തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.129/2022/ഐ.ടി, തീയതി 24.06.2022.
2. സ.ഉ(സാധാ)നം.123/2023/ഐ.ടി, തീയതി 05.06.2023.
3. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 12.02.2024 ലെ SDC/19/2016-KSITM നമ്പർ കത്ത്.
4. സ.ഉ(സാധാ)നം. 50 /2024/ഐ.ടി, തീയതി 14.03.2024.

**<u>ഉത്തരവ്</u>**

ഈ സാമ്പത്തിക വർഷം (2023-24) സ്പെഷ്യൽ അസിസ്റ്റൻസ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് (കേന്ദ്ര സർക്കാരിന്റെ പലിശ രഹിത വായ്പ) സ്കീമിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്ക് പരാമർശം (2) പ്രകാരം ഫണ്ട് അനുവദിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണം, ഡിസാസ്റ്റർ റിക്കവറി സൈറ്റ് സ്ഥാപിക്കൽ എന്നീ ഘടകങ്ങൾക്കായി ഒരു സെർവറിന് GST ഉൾപ്പെടെ ₹40,12,000/- രൂപ നിരക്കിൽ 20 സെർവറുകൾ വാങ്ങുന്നതിന് ₹8,02,40,000/- (എട്ട് കോടി രണ്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) യുടെ ഭരണാനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2. സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിൽ റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സെർവറുകൾ സപ്ലൈ ചെയ്യുന്നതിനും ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്യുന്നതിനുമായി കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ആകെ 8 കമ്പനികൾ പങ്കെടുത്ത ടെണ്ടറിൽ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) L1 സ്ഥാനത്തെത്തുകയുണ്ടായി. ഒരു സെർവറിന് GST ഉൾപ്പെടെ ₹40,12,000/- രൂപ എന്ന നിരക്കാണ് കെൽട്രോൺ മുന്നോട്ട് വെച്ചത്. സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ ശേഷി വർദ്ധിപ്പിക്കുന്നതിന് 6 സെർവറുകൾ കൂടി ആവശ്യമാണെന്നും ആകയാൽ ഒരു സെർവറിന് ₹40,12,000/-ഉം (GST ഉൾപ്പെടെ) എന്ന നിരക്കിൽ 6 സെർവറുകൾ വാങ്ങുന്നതിന് ടെൻഡറിലെ L1 ബിഡ്ഡറായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷന് (കെൽട്രോൺ) വർക്ക് ഓർഡർ നൽകുന്നതിന് കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം അനുമതി തേടിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിൽ ക്ലൗഡ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 6 സെർവറുകൾ ₹2,40,72,000/- (രണ്ട് കോടി നാല്പത് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) (GST ഉൾപ്പെടെ) ചെലവിൽ വാങ്ങുന്നതിന് ടെൻഡറിലെ L1 ബിഡ്ഡറായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷന് (കെൽട്രോൺ) വർക്ക് ഓർഡർ നൽകാൻ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAJI A M

അണ്ടർ സെക്രട്ടറി

പകർപ്പ്,

ഡയറക്ടർ, സ്റ്റേറ്റ് ഐടി മിഷൻ, തിരുവനന്തപുരം .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്എസ്എ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതു ജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 15-03-2024 11:18:14

സെക്ഷൻ ഓഫീസർ